<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4210</u> <u>28-10-2021 - ൽ മറുപടിയ്ക്ക്</u>

<u>പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ വികസന പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 248.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 100 ദിന പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ലിക്വിഡ് ഓക്സിജൻ നിർമ്മാണ പ്ലാന്റ് 7 TPD നിന്നും 10 TPD ആക്കുന്ന വിപുലീകരണ പദ്ധതി, ഹൈഡ്രോക്ളോറിക് ആസിഡ് ബാർജ് മുഖേന എത്തിക്കുന്ന പദ്ധതി, 40 TPH ബോയിലർ നിർമ്മാണ പദ്ധതിയുടെ തറക്കല്ലിടൽ എന്നീ പദ്ധതികൾ. 2. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്ററിന്റെയും സ്മാർട്ട് എനർജി മീറ്ററിന്റെയും നിർമ്മാണ പദ്ധതി 3. ട്രാക്കോ കേബിൾ കമ്പനിയിൽ ആധുനിക മെഷിനറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 4. കേരള സിറാമിക്സിൽ വിപുലീകരണ പദ്ധതി. 5. കെ.സി.സി.പി ലിമിറ്റഡിൽ സാനിറ്റൈസർ നിർമ്മാണ പദ്ധതി, കയർ ഡി ഫൈബറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ ആരംഭിച്ചു. കൂടാതെ ബി.പി.സി.എല്ലുമായി ചേർന്ന് കരിന്തളത്ത് പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി. 6. കരകൗശല വികസന കോർപ്പറേഷൻ ചേർപ്പ് തൃശ്ശൂരിൽ ആരംഭിച്ച വുഡ് ക്ലസ്റ്ററിനായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിച്ചു. 7. സിഡ്കോയുടെ അധീനതയിലുള്ള 5 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതികളുടെ ഭാഗമായുള്ള മെഷിനറികൾ സ്ഥാപിക്കുന്ന പദ്ധതി 8. കെൽട്രോണിൽ പൾസ് ഓക്സിമീറ്റർ നിർമ്മാണം, ഇ-ഹെൽത്ത് പദ്ധതിക്കായി |

| | | | |
|---|---|---|---|
| | | | 120 എണ്ണം 5 KVA യു.പി.എസ് നിർമ്മിച്ച് നൽകിയ പദ്ധതി, മോട്ടോർ വെഹിക്കിൾസ് വകുപ്പിനായുള്ള കൺട്രോൾ റൂം സിസ്റ്റം, നൂതന ഇലക്ട്രോണിക് ശ്രവണ സഹായി എന്നിവയുടെ നിർമ്മാണം. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ

| ക്രമ നം. | കമ്പനി | പദ്ധതി നിർദ്ദേശം (2021-22) |
| --- | --- | --- |
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് | സിപിടി യിൽ നിന്ന് പാട്ടത്തിനെടുത്ത ഭൂമി - 1-ാം ഘട്ടം ബൾക്ക് സിമൻറ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുക<br>വാളയാർ പ്ലാന്റിന്റെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ. |
| 2 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | കെഎസ്ഇബിയ്ക്ക് ആവശ്യമായ വൈദ്യുത തൂണുകളുടെ നിർമ്മാണവും വിതരണവും. 6 കോടി രൂപ |
| 3 | ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | മാലിന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള പ്രോജക്റ്റ് |
| 4 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറഡ് | ഖനനം:- ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ, പ്ലാന്റുകൾ, യന്ത്രങ്ങൾ. |
| 5 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | ഓങ്കോളജി & ഇമ്മ്യൂണോളജി പാർക്കുകൾ- പ്രാഥമിക പ്രവർത്തനങ്ങൾ- 3 കോടി |
| 6 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) | മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം |
| 7 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | സൂപ്പർ കപ്പാസിറ്ററുകളുടെ നിർമ്മാണം (42 കോടി രൂപയുടെ പദ്ധതി വിഹിതം) |
| 8 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | വ്യവസായിക ആപ്ലിക്കേഷനായി വൈബ്രേഷൻ ഇൻസുലേറ്ററിന്റെ വികസനവും ഉൽപാദനവും |
| 9 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | നവീകരണം- 6 ടൺ ഓപ്പൺ ഫോർജിംഗ് ഹാമർ ഇൻസ്റ്റാളേഷൻ, ഹെവി ഡ്യൂട്ടി വിഎംസി ഡൈ സിങ്കിംഗ് മെഷീൻ |
| 10 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | യന്ത്ര യൂണിറ്റുകളുടെ ഇൻസ്റ്റാളേഷനും ഫൗണ്ടറി യൂണിറ്റ്, ഒറ്റപ്പാലത്ത് അധിക യന്ത്രങ്ങൾ സ്ഥാപിക്കുക |
| 11 | ഓട്ടോകാസ്റ്റ് | ഓട്ടോകാസ്റ്റിന്റെ നവീകരണം. |
| 12 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | ഷോ റൂമുകൾ/ പ്രാദേശിക ഡിപ്പോകൾ എന്നിവ സജ്ജീകരിക്കുക |

| | | |
|---|---|---|
| 13 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | ഇ-ഓട്ടോകൾ, ഇ — റിക്ഷ, ഇ- സ്കൂട്ടർ എന്നിവ നിർമ്മിക്കുന്നതിനുള്ള സൗകര്യത്തിന്റെ വിപുലീകരണവും നവീകരണവും. |
| 14 | കെ.സി.സി.പി. ലിമിറ്റഡ് | കോക്കനട്ട് പ്രോസസ്സിംഗ് യൂണിറ്റ് 2-ാം ഘട്ടം |
| 15 | കേരള സിറാമിക്സ് ലിമിറ്റഡ് | 1500 ടൺ ശേഷി വിപുലീകരണം (ബ്ലാഞ്ചിംഗ് ആന്റ് റിഫൈനിംഗ്, സെറ്റിംഗ് & ബ്ലീച്ചിംഗ് ഫിൽട്രേഷൻ പ്ലാന്റ്) |
| 16 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | തിരുവല്ല യൂണിറ്റിൽ വോൾട്ടേജ് ശ്രേണി 11/33/66 ന്റെ യു.ജി., എബി കേബിളുകൾ നിർമ്മിക്കുന്നതിനുള്ള സിസിവി ലൈൻ (ഡ്രൈ കെയർ ടെക്നോളജി) |
| 17 | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ് (ടെൽക്) | നവീകരണ പ്രവർത്തനങ്ങളും ക്രെയിൻ നവീകരണവും |
| 18 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | പോളിമർ ഇൻസുലേറ്റർ നിർമ്മാണം, മോട്ടോർ സ്റ്റാർട്ടർ നിർമ്മാണവും വികസനവും |
| 19 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | **<u>2021-22 ൽ നിർദ്ദേശിച്ച പദ്ധതികളും സ്പിൽ ഓവർ പ്രവർത്തികളും</u>**<br>പ്രഭുരാം മിൽസ് - ചെങ്ങന്നൂർ<br>കോട്ടയം ടെക്സ്റ്റൈൽസ് - ഏറ്റുമാനൂർ<br>കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് - ആലപ്പുഴ<br>എടരിക്കോട് ടെക്സ്റ്റൈൽസ് - മലപ്പുറം<br>മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് - കോഴിക്കോട്<br>ഹൈടെക് വീവിംഗ് മിൽസ് - കണ്ണൂർ<br>ഉദുമ ടെക്സ്റ്റൈൽ മിൽസ് - കാസർഗോഡ്<br>സി എ ആർ ഡി റ്റി - തിരുവനന്തപുരം<br>ഇആർപി സംവിധാനങ്ങൾ ഹെഡ് ഓഫീസിലും യൂണിറ്റുകളിലും,<br>ഐഎസ് ഒ<br>(പ്ലാന്റ് , മെഷിനറി, കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പരിപാലനവും) |
| 20 | സീതാറാം ടെക്സ്റ്റൈൽസ് | റിംഗ് ഫ്രെയിം മെഷീനുകൾ -11, സിംപ്ലക്സ് മെഷീനുകൾ -3, ഓട്ടോകോണർ -2, ടിഎഫ്ഒ മെഷീൻ -5, ഇലക്ട്രിക്കൽ വർക്ക്സ്, പൊളിച്ചു നീക്കലും പുതിയ നിർമ്മാണവും കെട്ടിട പരിപാലനവും |
| 21 | കരകൗശല വികസന കോർപ്പറേഷൻ | കരകൗശല അധിഷ്ഠിത ഇന്റീരിയർ ഫർണിഷിംഗ് |

| | | |
|---|---|---|
| | (കേരള) ലിമിറ്റഡ് | |
| 22 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ | മുള അടിസ്ഥാനമാക്കിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസ് ഉപകരണങ്ങളുടെ ഉത്പാദനം |
| 23 | കെൽപാം | 1. ശർക്കര നിർമ്മാണ യൂണിറ്റ് (ഭരണാനുമതി ലഭിച്ച തുക 10 കോടി രൂപ)<br>2. ഈന്തപ്പന ഇല സ്ട്രോ നിർമ്മാണം |
| 24 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് തിരുവിതാംകൂർ ലിമിറ്റഡ് | കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യൽ (ബാക്കിയുള്ള ജോലി)<br>ബാൻഡ് സോയുടെയും ഹൈ എൻഡ് സി.എൻസി മെഷീനിന്റെയും സംഭരണം. |
| 25 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് | വ്യവസായിക എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും നവീകരണം. |
| 26 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ അധിക ഇൻഫ്രാസ്ട്രക്ചർ |

സെക്ഷൻ ഓഫീസർ